# DigMa

# Digital Magazine

## LITTLEKITES

## TSNMHS

### Kundurkunnu

ആശംസകളോടെ,



ഈ വിദ്യാലയത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി പ്രസിദ്ധീകരിക്കാനൊരുങ്ങുന്ന ലിറ്റിൽ കൈറ്റ്സ് യൂനിറ്റ് അംഗങ്ങൾക്ക് ഈ സംരംഭത്തിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാവിധ ആശംസകളും നേരുന്നു

പ്രധാനാദ്ധ്യാപിക,
വി.എം.വസുമതി

# ആമുഖം

സംസ്ഥാന Little Kites ന്റെ പാഠ്യപദ്ധതിയോടനുബന്ധിച്ച് നടത്തപ്പെടുന്ന ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിന്റെ ഭാഗമായി ടി.എസ്.എൻ.എം.എച്ച്.എസ്. കുണ്ടൂർക്കുന്നിലെ നാൽപ്പതംഗ ലിറ്റിൽ കൈറ്റ്സിന്റെ കണ്ടെത്തലുകളും സൃഷ്ടികളുമാണ് DigMa എന്ന Digital Magazine പ്രസിദ്ധീകരിക്കുന്നത്. സാങ്കേതിക പരിജ്ഞാനവും ആനുകാലികതയും നിറഞ്ഞ ആവിഷ്കാരങ്ങളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. ലാറ്റിൻ ഭാഷയിൽ *Specimen* (മാതൃക) എന്നർത്ഥമുള്ള Digma എന്ന പദമാണ് ഞങ്ങൾമാഗസിന്റെ തലക്കെട്ടായി തിരഞ്ഞെടുത്തത്. ഞങ്ങളുടെ ആദ്യത്തെ പ്രസികദ്ധീരണമായതിനാൽ ധാരാളം പിഴവുകൾ സ്വാഭാവികമാണ്. അവ സദയം ക്ഷമിക്കുമല്ലോ..

എന്ന്,

**Little KITES** യൂണിറ്റ്

**T.S.N.M.H.S. Kundurkunnu**

## ഉള്ളടക്കം

പ്രളയവും വികസനവും.....5
കമ്പ്യൂട്ടർ തലമുറകളുടെ സംക്ഷിപ്ത ചരിത്രം.....7
ജീവിത രേഖകൾ.....10
കവിത.....15
ഗണിത ശാസ്ത്രത്തിലെ ബൈബിൾ.....17
പ്രിയപ്പെട്ട വരികൾ.....18
ടെക്സ്റ്റ്.....18
ചൊവ്വയുടെ സ്ഥാനം.....20
കവിത.....21
കുട്ടികളുടെ അനിമേഷൻ വർക്കുകൾ (Link Online....).....22

## പ്രളയവും വികസനവും

ആരതി 9A　　　　　　　　　അതുല്യ 9F

ഇന്നു നാം നേരിടുന്ന കുറേ അധികം പ്രശ്നങ്ങൾ ഉണ്ട്.അതിൽ നമുക്ക് നേരിടാൻ വളരെ പ്രയാസമായിട്ടനുഭവപ്പെടുന്ന ഒരു വിഭാഗമാണ് 'പ്രകൃതിക്ഷോഭങ്ങൾ'.അവയെ നേരിടുക എന്നത് നാം മനുഷ്യരെ സംബന്ധിച്ച് വളരെ ഗുരുതരമാണ്.എന്നാൽ അതിൽ നാം വളരെയധികം ശ്രമിക്കുന്നു.അതിൽ നാം ഒരിക്കലും പരാജയപ്പെടുന്നില്ല.നമ്മൾ പരാജയപ്പെടും എന്ന നിലയിലേക്ക് എങ്ങനെയെങ്കിലും എത്തി എന്നിരുന്നാലും നാം വളരെയധികം പരിശ്രമിച്ച് അതിനെ വിജയത്തിലേക്ക് എരത്തിക്കുന്നു.ഇതിന് ഒരു വലിയ ഉദാഹരണമാണ് കുറച്ച് ദിവസങ്ങൾക്ക് മുൻപ് നമുക്ക് മുൻപിൽ ഒരു  നമുക്ക് മുൻപിൽ ഒരു പേടി സ്വപ്നം പോലെ പ്രത്യക്ഷപ്പെട്ടത് . അതായത്,'ദൈവത്തിന്റെ സ്വന്തം നാട്'എന്ന് അറിയപ്പെടുന്ന കേരളത്തിലുണ്ടായ പ്രളയ കെടുതി . കുറേ കാലങ്ങൾക്ക് ശേഷം ഇന്നു നാം കേരളക്കാർ നേരിട്ടു വന്ന ഒരു ഗുരുതരമായ പേടി സ്വപ്നം ആയിരുന്നു അത്. തനിക്ക് എന്ത് തന്നെ സംഭവിച്ചാലും മറ്റുള്ളവരെ സംരക്ഷിക്കാം . സംരക്ഷിക്കും എന്ന് പറഞ്ഞവർ , അത് ചെയ്തവർ എല്ലാം മറ്റുള്ളവർക്കൊരു ഉദാഹരണമായി തീർന്നു . പ്രളയം എന്നത് എല്ലാ മനുഷ്യരെയും സംബന്ധിച്ച് ഒരു ഭയാനകമായ പ്രകൃതിക്ഷോഭമാണ് . എന്നാൽ ഈ പ്രളയത്തിലൂടെ നമുക്ക് കുറച്ചു പേരുടെ ജീവൻ നഷ്ടപ്പെട്ടു . എന്നാൽ അതിന്റെ പത്തിരട്ടിയിലധികം ആളുകളെ നമുക്ക് രക്ഷിക്കാൻ കഴിഞ്ഞു . ഇതെല്ലാം നമുക്ക് ചെയ്യാൻ സാധിച്ചത്  ഒരു ഒറ്റകാരണം കൊണ്ടാണ് . നമ്മുടെ സാമൂഹ്യ മാധ്യമങ്ങൾ കാരണമാണ് ഇതെല്ലാം നമുക്ക് ചെയ്യാൻ കഴിഞ്ഞത്. ടെലിവിഷൻ,മൊബൈൽ എന്നിവ ഈ രക്ഷാപ്രവർത്തനങ്ങളിൽ വളരെ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇവ കാരണം പ്രളയത്തിൽ അകപ്പെട്ടവർക്ക് ഒരു വലിയ സഹായം തന്നെയാണ് ലഭിച്ചത്. ഇവയിലൂടെ നമുക്ക്   ഒരുപാട് നിർദ്ദേശങ്ങളും , നാം ചെയ്യേണ്ട കാര്യങ്ങളും , സഹായങ്ങളും നമുക്ക് അറിയാൻ സാധിച്ചു എന്നതിലുപരി ഒരുപാട് ആളുകളുടെ ജീവൻ സംരക്ഷിക്കാനും സാധിച്ചു. പ്രളയം എന്നത് ഏതൊരു മനുഷ്യനെകൊണ്ടും അതിജീവിക്കാൻ പ്രയാസമാണ് .

എന്നാൽ നാം ഇന്ന് ഇതിൽ നിന്നെല്ലാം രക്ഷപ്പെട്ടിരിക്കുകയാണ്. എന്നാൽ മറ്റൊരു ദിവസത്തിൽ ഈ സാഹചര്യം വന്നാൽ നമുക്കതിനു കഴിഞ്ഞെന്നു വരില്ല. കാരണം പ്രളയം കൊടും ഭയാനകമാണ് . അത് എന്ന് വരും എപ്പോൾ വരും എന്നൊന്നും നമുക്ക് അറിയില്ല. അതിനാൽ പ്രളയം ഉണ്ടായാൽ എടുക്കാവുന്ന മുൻ കരുതലുകൾ മുൻപുതന്നെ ഏർപ്പാടാക്കുക. പ്രളയം വരാൻ നമ്മൾ കാരണമാകുന്ന സാഹചര്യങ്ങൾ ജീവിതത്തിൽ നിന്ന് തുടച്ചു മാറ്റുക . പരസ്പരം സഹായിച്ചു ജീവിക്കുക.













# കമ്പ്യൂട്ടർ തലമുറകളുടെ സംക്ഷിപ്ത ചരിത്രം

അരുണിമ 9D
ശ്രീലക്ഷ്മി 9F

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഈ ലോകത്തിൽസാങ്കേതിക വിദ്യയുടെ അഭാവത്തിൽ ജീവിക്കുക അസാധ്യമാണ്. നൂതന സാങ്കേതികവിദ്യ അതിന്റെ വിസ്മയ ലോകത്തേക്ക് കൈപിടിച്ചുയർത്തി.

ഇതിനായി നമ്മുടെ കമ്പ്യൂട്ടറിൽ ഒരുപാട് സോഫ്റ്റ്‌വെയറുകൾ ഉണ്ട്. ഇക്കാലത്ത് കമ്പ്യൂട്ടർകൊണ്ട് ഒരുപാട് ഉപകാരങ്ങളുണ്ട്. ഒരു ദൂരയാത്രക്കായി ടിക്കറ്റ് ബുക്ക് ചെയ്യാനും സന്ദേശങ്ങൾ അയക്കുവാനും കുട്ടികൾക്ക് കളിച്ച് രസിക്കാൻ ഗെയിമുകളും പ്രൊജക്റ്റ് പോലുള്ള പഠന പ്രവർത്തനങ്ങളുടെ നിർമ്മാണത്തിനായുള്ള സോഫ്റ്റ്‌വെയറുകളും നിറഞ്ഞ ഒരു പ്രപഞ്ചമാണ് നമ്മുടെ കമ്പ്യൂട്ടർ ലോകം.

ഈ ലോകത്തെയും പ്രപഞ്ചത്തെയും കൈയിൽ ഒതുക്കിയിരിക്കുകയാണ് നമ്മടെ ഇന്റർനെറ്റ് ലോകം. ഭൂമിയിൽനിന്ന് കൊണ്ട് വാനവിസ്മയങ്ങൾ കാണാൻ, ഒരു സ്ഥലത്ത് നിന്ന് കൊണ്ട് അനേകായിരം കിലോമീറ്റർ അകലെയുള്ള ഒരാളുമായി അഭിമുഖസംഭാഷണം നടത്തുവാൻ എല്ലാം കമ്പ്യൂട്ടറുകളും ഇന്റർനെറ്റുകളും സഹായിക്കുന്നു.

ഒരു സിനിമ കാണുകയാണെങ്കിൽ ഏതൊരു വ്യക്തിയുടെയും മനസ്സിനലുണ്ടാകുന്ന ആഗ്രഹമാണ് സിനിമാ രംഗത്തുടെ പ്രശസ്തയാവണം എന്നത്. അതിനുള്ള ഒരു ചുവട് വയ്പ്പായി ഒരുപാട് അനിമേഷനുകൾ തയാറാക്കാനുള്ള സോഫ്റ്റ്‌വെയറുകൾ അങ്ങനെയുള്ള ഒരുപാട് കാര്യങ്ങൾ നമ്മുടെ കമ്പ്യൂട്ടറിലുണ്ട്. വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്ക്കരിക്കുവാനും വേണ്ടിയുള്ള ഒരു വൈധ്യുതോപകരണമാണ് നമ്മുടെ ഈ കമ്പ്യൂട്ടർ/സംഗ- ണകം. നിർദ്ദേശങ്ങളുടെ ഒരു സമാഹാരം മുഖേന വിവര- ങ്ങൾ നടപടിക്കു വിധേയമാക്കുന്ന പ്രയോഗോപകരണമാ- ണിത്. സംഖ്യകൾ, എഴുത്ത്, ചിത്രങ്ങൾ, ശബ്ദം എന്നിങ്ങനെ പലതരത്തിലുള്ള സോഫ്റ്റവയറുകളുണ്ട് നമ്മുടെ കമ്പ്യൂട്ടറിന്റെ തലമുറകളെ കുറിച്ചുള്ള വിവരങ്ങളിലേക്ക്.......

ഗണിത പ്രക്രിയ ലോകത്തേക്കുള്ള ഒരു സമ്പൂർണ്ണ ചരിത്രം

പുരാതന ചൈനീസ് അബാക്കസും, 1834-ലെ ചാൾസ്ബാ-ബേജിന്റെ അനലിറ്റിക്കൽ എഞ്ചിനും പോലെയുള്ള വൈ- വിധ്യമാർന്ന ഉപകരണങ്ങളുടെ ഒരു ബാഹുല്യം തന്നെ ഉൾക്കൊള്ളുന്നതാണ് നമ്മുടെ കംമ്പ്യൂട്ടർ ലോകം. അതോടൊപ്പംതന്നെ യാന്ത്രികവും, ഡിജിറ്റൽ ഗണിത-പ്രക്രിയ എന്നിവയുടെ നിർമ്മിതിക്കളെപ്പറ്റിയും ഇതിൽഉൾക്കൊണ്ടിട്ടുണ്ട്. വലിയ കണക്കുകളും ഗണിതക്രിയ ചെയ്തെടുക്കുന്നതായി ബദ്ധപ്പെട്ട കാര്യങ്ങളിൽ ഡിജിറ്റൽ ഗണിതപ്രക്രിയ ഉപകരണങ്ങൾ ശക്തവും, സാമ്പത്തിക-ലാഭവും, സ്കെയിലറ്റിബിളിറ്റിയും ആണെന്ന് തെളിയിക്ക- പ്പെട്ടു. കൈയിൽ കൊണ്ടുനടക്കുന്ന് ഉപയോഗിക്കുന്ന ചെറിയ കാക്കുലേറ്റർ മുതൽ സൂപ്പർ ഡിജിറ്റൽ കമ്പ്യൂട്ടറുകൾ പ്രമുഖ്യം നേടിയിട്ടുണ്ട്. മാത്രമല്ല ഇത് സമൂഹം മുഴുവൻ വ്യാപിച്ചുക്കൊണ്ടിരിക്കുകയാണ്.

ഡിജിറ്റൽ ഗണിത പ്രക്രിയകളുടെ പരിണാമത്തെ പലപ്പോഴും തലമുറകളായി വിഭജിച്ചിക്കാറുണ്ട്. തലമുറയെ വാർത്തെടുക്കുന്നത്തിനായിഉപയോഗിച്ച സാങ്കേധിക വിദ്യകളെയും, കംമ്പ്യൂട്ടർ സംവിധാനങ്ങളെയും പ്രോഗ്രാമിങ്ങ് ഭാഷകളെയും വളരെ നാടകീയമായ മെച്ചപ്പെടുത്തലുകളെയും ഉൾക്കൊള്ളുന്നു.സാധാരണയായി കമ്പ്യൂട്ടർ തലമുറകളായിബന്ധപ്പെട്ടിരിക്കുന്നില്ലെങ്കിലും ഗണിതപ്രക്രിയാപരമായ ശാസ്ത്രസംവിധാനങ്ങളിൽ ഉപയോഗിക്കുന്ന ആൽഗരിതം ഉൾപ്പടെ ആൽഗരിതത്തിൽ ശരിയായ പുരോഗതിയുണ്ട്.ഇപ്പോൾ നമ്മൾ വസിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ഏറ്റവും കൂടുതൽ വ്യപിക്കുന്ന കൂട്ടത്തിൽ ഒന്നാണ് നമ്മുടെ കമ്പ്യൂട്ടർ.

## ഒന്നാം തലമുറ:1946-1958 (വാക്യൂം റ്റ്യൂബുകളുടെ വർഷങ്ങൾ)

ആദ്യ തലമുറയിൽപ്പെട്ട കമ്പ്യൂട്ടറുകൾ പലപ്പോഴും വളരെ സ്ഥൂലിച്ചതും പ്രവർത്തന വേഗം കുറഞ്ഞതും ചിലവേറിയതും പലപ്പോഴും ആശ്രയിക്കാനാകാത്തതും ആയിരുന്നു. 1946 ൽ പ്രപ്സർ എക്കേർട്ട്എന്നും ജോൺ


എന്നും മൗഷ്‌ലി എന്നും പേരായ രണ്ട് അമേരിക്കക്കാർക്ക് ഒന്ന് എന്ന കമ്പ്യൂട്ടറിൽ ഉപയോഗത്തിന് വളരെയധികം സ്ഥലത്തിന്റെ ആവശ്യമുണ്ടായിരുന്നു. ബൾബുകൾക്ക്  സമാനമായി പ്രവർത്തിച്ചിരുന്നതാണ് ഇത്. യാതൊരു ചലനഭാഗവും ഇല്ലാതെ തന്നെ വാക്യൂം ട്യൂബുകൾക്ക് വളരെ ദുർബലമായ സിഗ്നലുകളെ സ്വീകരിച്ച് ആ  സിഗ്നലുകളെ വളരെ ശക്തമാക്കുവാൻ കഴിയുമായിരുന്നു.

## രണ്ടാം തലമുറ:1956-1964(ട്രാൻസിസ്റ്റർ യുഗം)

1947 ൽ A.T and T യുടെ ബെൽ എന്ന പരീക്ഷണശാലയിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ബർദീന് ,വില്യം ഷോക്‌ലി ,വാൾട്ടർ ബൊട്ടൻ എന്നി മൂന്ന് ശാസ്ത്രജ്ഞന്മാർ വാക്യൂം ട്യൂബുകളെ എന്നെന്നേക്കുമായി മാറ്റികളയേണ്ട വൈദ്യുത സിഗ്നലുകളെ സ്വിച്ച്ചെയ്യുകയോകൈമാറ്റം  ചെയ്യുകയോ സാധ്യതയുണ്ടാക്കുന്ന ട്രാൻസിസ്റ്ററിന്റെ കണ്ടുപിടിത്തം നടത്തി. വാക്യൂം ട്യൂബിനേക്കാളും ചെറുതും, വേഗതകൂടിയതും വിശ്വാസനീയമായവും ഉണ്ടാക്കുവാൻ വളരെ ചിലവു കുറഞ്ഞതുമായിരുന്നു ഇത് 40 വാക്യൂം ട്യൂബുകൾക്ക് പകരമായി ട്രാൻസിസ്റ്റർമതിയായിരുന്നു ഖരപദാർത്ഥങ്ങൾകൊണ്ടാണ് ട്രാൻസിസ്റ്ററുകളെ ഉണ്ടാക്കിയിരുന്നത് അവയിൽ ചിലത് തിരദേശമണലിലും സ്ഫടിക്കത്തിലും സമൃ-ദ്ധമായികാണുന്ന മൂലകമായ സിലിക്കൺ ആയിരുന്നു. അതുക്കൊണ്ട് അവയെ ഉണ്ടാക്കുക ചിലവു കുറഞ്ഞ കാര്യമായിരുന്നു. ഇവയുടെ ഉപയോഗം കമ്പ്യൂട്ടറുകളുടെ ഒരു പുതിയതുടക്കത്തിനു അടയാളമിട്ടു.

# ജീവിത രേഖകൾ

## അടൂർ ഗോപാലകൃഷ്ണൻ (1941 ൽ)




അടൂരിൽ ജനനം. പതിനൊന്ന് കഥാചിത്രങ്ങളും മുപ്പതിലേറെ ഹ്രസ്വചിത്രങ്ങളും സംവിധാനം ചെയ്തു. നിരവധി ദേശീയ അന്തർദേശീയ ബഹുമതികൾ ലഭിച്ചു.

***സ്വയംവരം, കൊടിയേറ്റം, എലിപ്പത്തായം, മുഖാമുഖം, അനന്തരം, വിധേയൻ, മതിലുകൾ, നിഴൽക്കുത്ത്*** ഇവ പ്രധാന ചിത്രങ്ങൾ.

മികച്ച സിനിമയ്ക്കുള്ള അന്തർദേശീയ അവാർഡ് ആറ് തവണ ലഭിച്ചു. പത്മശ്രീ, പത്മവിഭൂഷൺ,ഫാൽക്കെ പുരസ്കാരങ്ങൾ ലഭിച്ചു. സിനിമയുടെ ലോകം, സിനിമാനുഭവം, സിനിമാസാഹിത്യം, ജീവിതം സിനിമ സംസ്കാരം എന്നീ ഗ്രന്ഥങ്ങൾ രചിച്ചു.


## ഉറൂബ് (പി.സി.കുട്ടികൃഷ്ണൻ)



മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനനം. കേരള സാഹിത്യ അക്കാദമി അധ്യക്ഷനായിരുന്നു. കേന്ദ്ര കേരള സഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു.

***ഉമ്മാച്ചു, അമ്മിണി, സുന്ദരികളും സുന്ദരൻമാരും, മിണ്ടാപ്പെണ്ണ്, മണിയറ, മൗലവിയും ചങ്ങാതിമാരും, ഗോപാലൻനായരുടെ താടി, രാച്ചിയമ്മ, അപ്പുവിന്റെ*** ലോകം പ്രധാന കൃതികൾ.

## നിത്യചൈതന്യയതി



പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു. തത്ത്വചിന്തകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രശസ്ഥൻ. ***മനശാസ്ത്രം ജീവിതത്തിൽ, യതിചര്യ, മൂല്യങ്ങളുടെ കുഴമറിച്ചിൽ, നളിനി എന്ന കാവ്യ ശിൽപം, സമ്യക്കായ ലോകവീക്ഷണം, എന്റെ മനസ്സിലെ ഗാന്ധി, പ്രേമവും ഭക്തിയും*** തുടങ്ങി നൂറിലേറെ മലയാള കൃതികൾ രചിച്ചിട്ടുണ്ട്. **NEITHER THIS NOR THAT** തുടങ്ങി അൻപത്തിയെട്ടോളം ഇംഗ്ലഷ് കൃതികളും രചിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

## എൻ.എൻ കക്കാട്



കക്കാട് നാരായണൻ നമ്പൂതിരി.

കോഴിക്കോട് ജില്ലയിലെ അവിടനല്ലൂരിൽ ജനിച്ചു.

<u>**കൃതികൾ**</u>:

***ശലഭഗീതം, ആയിരത്തിത്തൊള്ളായിരത്തി അറുപത്തിമൂന്ന്, പാതാളത്തിന്റെ മുഴക്കം, കവിത വജ്രകുണ്ഡലം, ഇതാ ആശ്രമമൃഗം കൊല്ല് കൊല്ല്, സഫലമീ യാത്ര, പകലറുതിക്കുമുമ്പ്, നാടൻ ചിന്തുകൾ, കവിതയും പാരമ്പര്യവും, അവലോകനം.***

*കേരള സാഹിത്യ അക്കാദമി, വയലാർ, ഓടക്കുഴൽ, ആശാൻ പ്രൈസ്, കുമാരനാശാൻ സ്മാരക അവാർഡ് എന്നിവ ലഭിച്ചു.*

# ഹെർമൻ ഹെസ്സെ



ജർമ്മനിയിൽ ജനനം. ഹെർമൻ ഗുണ്ടർട്ടിന്റെ പേരക്കുട്ടി. കവി, നോവലിസ്റ്റ്, ചെറുകഥാകൃത്ത് എന്നീ നിലകളിൽ പ്രസിദ്ധൻ.

1946 ൽ സാഹിത്യത്തിനുള്ള **നോബേൽ സമ്മാനം** ലഭിച്ചു.

**The glass bead game, Siddhartha, Stephen wolf,Demain,Narcissus and gold mund** എന്നിവ പ്രധാന കൃതികൾ.


# *ജോസഫ് മുണ്ടശ്ശേരി*



തൃശ്ശൂരിലെ കണ്ടശ്ശാംകടവിൽ ജനനസാഹിത്യവിമർശകന,അധ്യാപകൻ ,വാഗ്മി,വിദ്യാഭ്യാസമന്ത്രി എന്നീ നിലകളിൽ ബഹുമുഖമായ വ്യക്തിത്വത്തിനുടമ.

***കൊഴിഞ്ഞ ഇലകൾ( ആത്മകഥ), കാവ്യപീഠിക, നാടകാന്തംകവിത്വം , മാറ്റൊലി, വായനശാലയിൽ( നാലു ഭാഗങ്ങൾ), മാനദണ്ഡം, പ്രൊഫസർ, കൊന്തയിൽ നിന്ന് കുരിശിലേക്ക്, പാറപ്പുറത്തു വിതച്ച വിത്ത്*** തുടങ്ങിയവ പ്രധാന കൃതികൾ.

# സി.വി ശ്രീരാമൻ



*തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു. കഥാകൃത്ത്, രാഷ്ട്രീയ പ്രവർത്തകൻ, അഭിഭാഷകൻ. കേരള സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ പ്രസിഡന്റായിരുന്നു.* **വാസ്തുഹാര, ക്ഷുരസ്യധാര, ഓർമച്ചെപ്പ്, തീർഥകാവടി, ദു:ഖിതരുടെ ദു:ഖം, പുറം കാഴ്ചകൾ, ചക്ഷുശ്രവണഗളസ്ഥനാം** *തുടങ്ങിയവ കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.*

# സുസ്മേഷ് ചന്ത്രോത്ത്



1977 ഏപ്രിൽ 1-ന് ജനനം.
നോവലിസ്റ്റും കഥാകൃത്തും.

***ഡി 9, പേപ്പർ ലോഡ്ജ് തുടങ്ങിയ നോവലുകൾ, വെയിൽ ചായുമ്പോൾ, നദിയോരം, ഗാന്ധിമാർഗ്ഗം, മരണവിദ്യാലയം, അസാധാരണ ഓർമ്മകളും സാധാരണ അനുഭവങ്ങളും, അമുദക്കുട്ടിയുടെ ചിത്രപ്രദർശനം*** എന്നിവ പ്രധാന കൃതികൾ.

# ആഷാമേനോൻ



1947 നവംബർ 18-ന് പാലക്കാട് ജില്ലയിലെ കൊല്ലങ്കോട്ട് ജനിച്ചു. കെ. ശ്രീകുമാർ യഥാർത്ഥ പേർ. കാവ്യാത്മകമാണ് അദ്ദേഹത്തിന്റെ ഗദ്യശൈലി.

***പുതിയപുരിഷാർത്ഥങ്ങൾ, കലിയുഗാരണ്യകങ്ങൾ, പരിവ്രാജകന്റെ മൊഴി, ഹെർബേറിയം, പ്രതിരോധങ്ങൾ, ജീവന്റെ കയ്യൊപ്പ്, തന്മമാനസി, അടരുന്ന കക്കൾ, കൃഷ്ണശിലയും ഹിമസരസും, പയസ്വിനി, ഖാൽസയുടെ ജലസ്മൃതി, ഇലമുളച്ചികൾ*** എന്നിവ പ്രധാന കൃതികൾ.
*കേരള സാഹിത്യ അക്കാദമി അവാർഡ്* ലഭിച്ചു.

# ഇടശ്ശേരി ഗോവിന്ദൻനായർ



കുറ്റിപ്പുറത്ത്ജനനം.

***കൂട്ടുകൃഷി, പൂത്തൻകലവും അരിവാളും, കാവിലെ പാട്ട്, പൂതപ്പാട്ട്, ഒരുപിടി നെല്ലിക്ക, അന്തിത്തിരി, കറുത്ത ചെട്ടിച്ചികൾ*** എന്നിവ പ്രധാന കൃതികൾ. മലബാറിലെ കേന്ദ്ര കലാസമിതിയുടെ പ്രസിഡന്റ്, സാഹിത്യ പ്രവർത്തക സഹകരണസംഘം ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി, കേരള സാഹിത്യ അക്കാദമി, ആശാൻ പ്രൈസ് എന്നിവ ലഭിച്ചു.

**കവിത**

## *തെംസ് നദിയോട് (സുഗതകുമാരി)* [1]

## *പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ*



ആരോ പറയുന്നു തെംസ്സദീ, നിന്നോടു
മൂകാന്തരാകം കലർന്നൊരാൾ വന്നുപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികൾ നിറയവേ

രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ചത്തു വീണുപോൽ , അദ്ഭുതം ! പെട്ടന്നു
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ തെംസ്സദി!
ആ രാഗമല്ലലായ് , ദീപ്രമാം യത്നമായ്-
ത്തീരവേ രണ്ടു കരങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി, നിൻജീവ-
വാരിയെക്കോരിക്കഴുകിയെടുത്തുപോൽ!

ഇന്നു നീ വീണ്ടും ചിരിച്ചൊഴുകുന്നുപോൽ!
നിൻമാറിലന്നങ്ങൾ വന്നിറങ്ങുന്നുപോൽ
ളുമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
സാമൺ തുടിച്ചു വിടർന്നു കളിപ്പുപോൽ!

---

1 https://ml.wikipedia.org/wiki/

# വിക്കിപീഡിയ[1]

അമൽദേവ് 9B

ഒരു ഓൺലൈൻ സർവവിജ്ഞാനകോശമാണ് വിക്കിപീഡിയ. എൻസൈക്ലോപീഡിയ എന്നീ പദങ്ങളുടെ ഒരു മിശ്രശബ്ദമാണ് വിക്കിപീഡിയഎന്ന പേര് [wikipedia] എല്ലാഭാഷകളിലും സ്വതന്ത്രവും സമ്പൂർണവുമായ വിജ്ഞാന കോശംനിർമിക്കാനുള്ള ഒരു കൂട്ടായ സംരഭമാണിത്.ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന വിക്കിമീഡിയ ഫൗണ്ടേഷന്റെ പിന്തുണയോടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. വിക്കിപീഡിയയിലെ ഉള്ളടക്കം എപ്പോഴും സ്വതന്ത്രവും സൗജന്യവും ആയിരിക്കും.ലോകം മുഴുവനും വ്യാപിച്ചു കിടക്കുന്ന സന്നദ്ധസേവന തൽപ്പരരായ ഉപയോക്താക്കൾ സഹകരണത്തോടെ പ്രവർത്തിച്ചാണ് വിക്കിപ്പീഡിയയിൽ ലേഖനങ്ങൾ എഴുതുന്നത്. വാഡ് കണ്ണിങ്ഹാം [ward Cunningham] [2]എന്നഅമേരിക്കക്കാരനാണ് വിക്കി എന്ന ആശയത്തിനുംസോഫ്റ്റവെയറിനും തുടക്കമിട്ടത് .1994 ൽ അദ്ദേഹംവികസിപ്പിച്ചെടുത്ത വിക്കിവിക്കി വെബ് എന്ന സൊഫ്റ്റ് വെയർ ഉപയോഗിച്ച് 1995 മാർച്ച് 25 ന് www.c2.com എന്ന വെബ്സൈറ്റ് സ്ഥാപിച്ചു .


ഏതൊരു ഉപയോക്താവിനും വിവരങ്ങൾ കൂട്ടിച്ചേർക്കാനും നീക്കം ചെയ്യാനും മാറ്റം വരുത്താനുമുള്ള സ്വാന്ത്ര-വും സൗകര്യവും നൽകുന്ന വെബ്സൈറ്റുളെയാണ് വിക്കി എന്ന വാക്കു കൊണ്ട് ഉദ്ദേശിക്കുന്നത്.വളരെഎളുപ്പത്തിൽ വിവരങ്ങൾ ചേർക്കാം എന്നതിനാൽവിക്കി കൂട്ടായ്മയിലൂടെ രചനകൾ നടത്താനുള്ള ഒരു മികച്ച ഉപാധിയായി മാറി . ഇത്തരത്തിൽ കൂട്ടായ്മയിലൂടെ കുറിപ്പുകളും മറ്റുള്ള രചനകളും നടത്തുന്നതിനുള്ള സൗകര്യം നൽകുന്ന സോഫ്റ്റ്‌വെയറുകളെക്കുറിക്കാനും വിക്കി എന്ന വാക്ക് ഉപയോഗിക്കാറുണ്ട്.

---

1 https://ml.wikipedia.org/wiki/
2 https://en.wikipedia.org/wiki/Euclid%27s_Elements

# ഗണിത ശാസ്ത്രത്തിലെ ബൈബിൾ

ജുമാന 9A



ജ്യാമിതിയുടെ പിതാവ് എന്നറിയപ്പെടുന്ന **യൂക്ലിഡ്** രചിച്ച '**എലമെന്റ്സ്** '(മൂലപ്രമാണങ്ങൾ) എന്ന പുസ്തകമാണ് ഗണിത ബൈബിൾ എന്നറിയപ്പെടുന്നത്. 'എലമെന്റ്സ് 'പതിമൂന്ന് പുസ്തകങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. 1,2,4,6 എന്നീ പുസ്തകങ്ങൾ രേഖകൾ ,ത്രികോണങ്ങൾ തുടങ്ങിയവയെ സംബന്ധിക്കുന്ന സിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്നവയാണ്. 3-പുസ്തകം വൃത്തങ്ങയെപ്പറ്റിയും,5-പുസ്തകം അനുപാതങ്ങളെപ്പറ്റിയും ചർച്ചചെയ്യുന്നു. 7,8,9 എന്നീ പുസ്തകങ്ങൾ അങ്കഗണിതത്തെയും സംഖ്യാശാസ്ത്രത്തെയും ക്ഷേത്രഗണിതീയമായി കൈകാര്യം ചെയ്യുന്നു.

## പ്രിയപ്പെട്ട വരികൾ

### കവിത 9D

ലോകമേ തറവാടു തനിക്കീ,ച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ

എന്റെ ഗുരുനാഥൻ (വള്ളത്തോൾ )


കേവലമൊരു കാലിച്ചെറുക്കൻ ഞാനെന്നിട്ടും
കേശവാ, നീയെന്തെന്നെയിത്രമേൽ സ്നേഹിക്കുവാൻ

ഓർമ്മയ്ക്കു താലോലിക്കാൻ (യൂസഫലി കേച്ചേരി )

പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
പാടത്തു പുഞ്ചയ്ക്കു തേവുന്നു രണ്ടുപേർ

പടയാളികൾ (വൈലോപ്പിള്ളി )

### ടെക്സ്റ്റ്



കമ്പ്യൂട്ടറിലേക്ക് ഇൻപുട്ട് ചെയ്യപ്പെട്ട അക്ഷരരൂപത്തിലുള്ള വിവരങ്ങൾ ആണ് ടെക്സ്റ്റ് നാം ഇതുവരെ ടൈപ്പ് ചെയ്ത അക്ഷരങ്ങളും ടെക്സ്റ്റ് എന്ന വിഭാഗത്തിൽ പെടുന്നു.

നവനീത 9B

# LITTLE KITE ന്റെ ചുമതലകൾ

* Hi-Tech ക്ലാസ്സ്റൂമുകളിലേക്ക് Kite വിതരണം ചെയ്തിരിക്കുന്ന ഉപകരണങ്ങളുടെ പരിപാലനത്തിൽ അധ്യാപകരെ സഹായിക്കൽ


*Laptop ഉം അനുബന്ധ ഉപകരണങ്ങളും Hi-Tech ക്ലാസ്സ്റൂമുകളിൽ എത്തിക്കുക

*ഈ ഉപകരണങ്ങൾ വേണ്ട രീതിയിൽ connect ചെയ്ത് Hi-Tech ക്ലാസ്സ്റൂം പ്രവർത്തനസജ്ജമാക്കൽ

*വൈകുന്നേരം സ്കൂൾ പ്രവർത്തനസമയം കഴിഞ്ഞാൽ ഈ സാമഗ്രികൾ എല്ലാം സുരക്ഷിതമാക്കൽ

*സഹപാഠികളെ Hi-Tech ക്ലാസ്സ്റൂമുകളുടെ പ്രാധാന്യത്തെക്കുറിച്ചും ഉപകരണങ്ങളുടെ സംരക്ഷണത്തെക്കുറിച്ചും ബോധവത്കരിക്കുക

രേണുക 9B




മനുഷ്യബന്ധങ്ങളിൽ ഊന്നികൊണ്ടുള്ള മനുഷ്യാവസ്ഥകളാണ് മാധവിക്കുട്ടി വിശകലനം ചെയ്യുന്നത്.
ഓരോ മനുഷ്യനും ഓരോ കാലഘട്ടത്തിൽ ചെന്നുപെടുന്ന അവസ്ഥകൾ അവരുടെ ജീവിതത്തിന്റെ അദൃശ്യമായ പൊരുളുകളിലെത്താൻ സഹായകമാവുന്നു.മനുഷ്യബന്ധങ്ങളുടെ ഓർമ്മകളിലേക്ക്,ശൈഥില്യങ്ങളിലേക്ക് അത് നമ്മെ കൊണ്ടുപോകുകയും ചെയ്യും ആ അർഥത്തിൽ മനുഷ്യബന്ധങ്ങളില്ലാതെ ഒരു കഥയുമില്ല എന്ന നിർവചനം സാർഥകമാണ്.അത് ഫലപ്രദമായി ഉപയോഗിച്ച് മാധവിക്കുട്ടിക്കഥകൾ വായിക്കുകയുമാകാം

## ശാസ്ത്രം : <u>ചൊവ്വയുടെ സ്ഥാനം</u>

സഫ്‌വാന

ചൊവ്വ സൂര്യനിൽ നിന്നുള്ള അകലത്തിൽ നാലാം സ്ഥാനത്തു നിൽക്കുന്ന ശലാഗ്രഹമാണ്. സൗരയൂദത്തിൽ ബുധൻ,ശുക്രൻ,ഭൂമി എന്നിവക്കു ശേഷമാണ് ചൊവ്വ വരിക. ശുക്രൻ കഴിഞ്ഞാൽ ഭൂമിയുടെ ഏറ്റവും അടുത്താണ് ചൊവ്വയുടെ സ്ഥാനം.

സൂര്യനിൽ നിന്ന് ചൊവ്വയിലേക്ക് 2,27900,000 കിലോമീറ്റർ ദൂരം ഭൂമിയിൽ നിന്ന് 5,60,00,000 കിലോമീറ്റർ(ഭ്രമണ പഥത്തിന് അനുസരിച്ച് ഇതിന് ചില മാറ്റങ്ങൾ വരും) .

ഭൂമിയുടെയും ചൊവ്വയുടെയും അച്ചുതണ്ടിന്റെ ചെരിവ് ഏതാണ്ട് തുല്യമാണ്. അതുകൊണ്ട് ഭൂമിയുടേതുപോലെ ചൊവ്വയിലും ഋതുക്കൾ ഉണ്ട്. ഈ രണ്ടു ഗ്രഹങ്ങളിലേയും ദിന രാത്രങ്ങൾക്കും സമാന സ്വഭാവമാണ്.



കവിത

## വിശ്വം ദീപമയം



മാലുള്ളതാണീ മഹിയെന്നുവെച്ചു
മാഴ്കുന്നതെന്തിന്നു മനുഷ്യരേ! നാം?
തൻ സൃഷ്ടിയിൽപ്പെട്ടരതിന്നുമീശൻ
സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ?
കൈവിട്ടുപൊയ്പ്പോയ്പകലെന്നുവെച്ചു
കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ?
വരേണ്ടതല്ലേ നിശയും നമുക്കു
വപുസ്സിനുത്ഥാനമുഷസ്സിലേകാൻ?
ഇനൻ പൊലിഞ്ഞാലുഡുപംക്തിയൊക്കൊ-
ണ്ടിരുട്ടുതൽക്കാലമകറ്റിയീശൻ
അടഞ്ഞ കൺ നമ്മൾ തുറന്നിടുംമുൻ-
പദ്ദീപമേകുന്നു കൊളുത്തി വീണ്ടും
വേലയ്ക്കു ദീപപ്രഭയെത്ര വേണം;
വിശ്രാന്തികൊള്ളുന്നതിനിത്രപോരും;
അതായിരിക്കാം പൊരുളാപ്രവൃത്തി-
ക്കിജ്ഞൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്‌വോൻ
വിളക്കു കത്തിപ്പതിനന്തിയായാൽ
മിന്നാമിനുങ്ങും ത്വരയാർന്നിരിക്കേ,
ദീനത്വമെന്തിന്നു നമുക്കുമാത്രം
തീക്കോലുരയക്കാൻ? തിരിയിൽക്കൊളുത്താൻ?
അല്ലെങ്കിലും സ്വച്ഛവിവേകദീപ-
മകത്തു കത്തുന്നളവേതു ധീരന്
വിഷാദമേന്തും, വിധി ദൂരയണ്ടോ
വിയത്തിൽ മിന്നിച്ച വിളക്കു കെട്ടാൽ



# App zone

## ഞങ്ങൾ തയ്യാറാക്കിയ ചില മൊബൈൽ ആപ്പുകൾ

സമഗ്രയിലെ ചോദ്യശേഖരങ്ങളുടെ മൊബൈൽ ആപ്പുകളുടെ Drive ലിങ്കുകൾ

## ഗണിതം

- https://drive.google.com/open?id=1qSJdrlQu7WyN9jGOVi9Z54MLvpUK0mdM
- https://drive.google.com/open?id=1_or_kmvawmFHDJkzc9tt-9azL4kk341g
- https://drive.google.com/open?id=17VInoJd9QvYAlxRzeLRPjg0LYRDsejy6
- https://drive.google.com/open?id=1Zt8InOk_2evZ604HlhplmfHqL0-mqMH6
- https://drive.google.com/open?id=1dRr5MKqdg-rtLws4N6YbOSsQvFF3K01-
- https://drive.google.com/open?id=1AkY-IXN5F8jD_2EyKxWaWmfT70wRZiJM
- https://drive.google.com/open?id=1xnblnyTJg7VAa2itD7K0i0nWUU6BcW3a
- https://drive.google.com/open?id=1Q3qdRHge_7LMVRf2agdFUUUtWGOwvQ6G
- https://drive.google.com/open?id=1_IE3mO4HOYIphpawrI81yZSmTFbO345X
- https://drive.google.com/open?id=1ofVpZp9IRErZ1fNM_qKlinaDqqwa7v69

## ഊർജ്ജതന്ത്രം

- https://drive.google.com/open?id=1xv3VQOWK6YqUXe8UT4amNh-sQTeslUqM
- https://drive.google.com/open?id=1NOCvf1hzyXd6LvB1PMksVRDFvyU_DsGA
- https://drive.google.com/open?id=1Sjk88aEgOjlUcjX9mlbBuLU4Ft2btS4P
- https://drive.google.com/open?id=1gK_ly7jkzWXgqZQY-J5Sclvg1uOgQUvJ
- https://drive.google.com/open?id=1Rl3Z-ECmgYvC6FviycHGgrwvSvX2joc-
- https://drive.google.com/open?id=1EQ2RjVvlCh6uK7w6NlYMW1OKsYISKdy6
- https://drive.google.com/open?id=1Fa8g0KbHwO-MgHGVkKShLi3UaGMCSioe
- https://drive.google.com/open?id=1-NPCoTWT0dOr7vSN6zp8Iidpecq4CDad

## രസതന്ത്രം

- https://drive.google.com/open?id=1EGGmWu139KJDQd2vb6UX64rW02xJfPOa
- https://drive.google.com/open?id=1wokF35SOIIMX4shF78oX2HIDVDd5TM7t
- https://drive.google.com/open?id=1C0zrZVGudzcTXSc_xZiq04l6z2MbsFIX
- https://drive.google.com/open?id=1ZRDUpt-R8j0u-c_5O1V7sL66w5vawBh1
- https://drive.google.com/open?id=1X_rtPaoqeoJlz4-PYKsC37uuoubxwa7S
- https://drive.google.com/open?id=1QxvlazBW6AGw11omPFvRh3P2LHqnmg2F
- https://drive.google.com/open?id=1Djrz1MsbuqI134EJAufb106vfCdRpUYQ
- https://drive.google.com/open?id=1bXCv2pU0cOC3C-L-81cJjW2xCUPSgG-8




## ഞങ്ങൾ തയ്യാറാക്കിയ ചില ആനിമേഷനുകൾ

- https://drive.google.com/open?id=1wApMojfxPRYAvvRiOS8olbSM1OpGcZRg
- https://drive.google.com/open?id=1q5_FskVlti-Bf5OiJvwST7W3__pZiJO4
- https://drive.google.com/open?id=1NcAYnkMMXGM38ssFLbhHHXRPEiVF0pFh
- https://drive.google.com/open?id=1NL1BotuLsGpB29rHmIXWvjVCbis5g_vT
- https://drive.google.com/open?id=1_Opl3t3RbjF_dpDEVl12uns3z9RZkQFB
- https://drive.google.com/open?id=1GavpQP-sQqLk3DGaXWndxzVOWyp5xsXU
- https://drive.google.com/open?id=1398-xjywBwN4FH9a7z8lBom0XbSR0czH
- https://drive.google.com/open?id=1KUsshnmn4ubTw1RJJQsr4T_PRKOHv21i
- https://drive.google.com/open?id=1ad4iR9IIdrLLc0TERrsEE6W7hseTogTM
- https://drive.google.com/open?id=1Uri_saCty8VRfIonm7n-2lvgrSjLgQos
- https://drive.google.com/open?id=1Jj0vjdJm3MbvkxG0lgkn0rpCdoOlpi9K
- https://drive.google.com/open?id=1NX9Xvd3iVVP7ylucxNvA9kk1H_QDU1lK
- https://drive.google.com/open?id=18r6lQZuNjEJr4N619wUfudory0fPxIS4
- https://drive.google.com/open?id=1Bv8xqOgNldJpmD3TDsLh4lXpG5ov_8-9
- https://drive.google.com/open?id=1zyx6GNx3TXWtAMjEiIe5fNwzg2ZIXsRh
- https://drive.google.com/open?id=1sd3e6ZJ0eCc12W88yZxWXyU-IqlyIGKM
- https://drive.google.com/open?id=16JlP6_jfUsOvqaLbHnKnJke8BlNhJdi9
- https://drive.google.com/open?id=1sd3e6ZJ0eCc12W88yZxWXyU-IqlyIGKM
- https://drive.google.com/open?id=16JlP6_jfUsOvqaLbHnKnJke8BlNhJdi9

- https://drive.google.com/open?id=1CmeV5rUocj8b1qtWR7FSXJXZcAVx0k6y
- https://drive.google.com/open?id=1Q6Jo2CoBy8Qk-b8eqR_gom1jVb9NfKEg
- https://drive.google.com/open?id=1MUcxuHRNlz2xhnGJAmMG-cwB2ji4Q_-y
- https://drive.google.com/open?id=1wTA5qKh-oXViYNqOCq0GUTgtc9sslENH
- https://drive.google.com/open?id=1t5_wU31pidY0kJJjFn5DTijqbwPsFk6g
- https://drive.google.com/open?id=14ueUS5mgKuf9nRU6ibRgRoINlvoLpozh
- https://drive.google.com/open?id=15ceCXVoqmKv3i5x0UdA4TjljLLnfd0Vf
- https://drive.google.com/open?id=1kbke3NkoaTua-ix-pRGbzt_NzWq12oAu
- https://drive.google.com/open?id=1qXwXZlpiQq3ytvkmTlyIcCOi0hHfLy6I
- https://drive.google.com/open?id=11tBdnHU8G9TOfxTY77N_0i65yjDvH5Nd
- https://drive.google.com/open?id=18yUMKXpyG5b7qn258YkXALiQpCYJ-RLn
- https://drive.google.com/open?id=1tUIGN4fnp5GXgntuwWrs93XqMKxdSBg1
- https://drive.google.com/open?id=1Y0q7L9gIlafRqe0UG5oacltDagyDUDls
- https://drive.google.com/open?id=1fw2YFl-_Xeih4FYhkflv88sQodpBi-0L
- https://drive.google.com/open?id=1z9OhF7yDMVvSmL6fuNZ3MOx8l293DUpW
- https://drive.google.com/open?id=1g6x5UL8-36A6O48MvkycZUhidbFCRIbl
- https://drive.google.com/open?id=1PM81VA_nkflG1IQ2j-27qpYQwFDrCXMz

